ഉത്തരം

(എ) ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയുമായി സഹകരിച്ച് കേരളസർക്കാർ നടപ്പിലാക്കിയ സുരക്ഷാ പദ്ധതികളാണ് പ്രവാസി സുരക്ഷ, പ്രവാസി കുടുംബആരോഗ്യ, വനിതാ സുരക്ഷ, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനിയിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് 31-03-2003 വരെ 6069 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 1110.99 ലക്ഷം രൂപ പ്രസ്തുത കമ്പനിക്ക് ചെലവായിട്ടുണ്ട്.

(ബി)

1. പ്രവാസി മലയാളികൾക്ക് വേണ്ടി എൽ.ഐ.സി.യുമായി സഹകരിച്ച് കൊണ്ട് നടപ്പിലാക്കിയ 'പ്രവാസി സ്വാശ്രയ' എന്ന സാമൂഹ്യ സുരക്ഷാപദ്ധതി.

2. പ്രവാസി മലയാളികളായ വ്യവസായ സംരംഭകരെ സഹായിക്കുന്നതിലേക്ക് വേണ്ടി 'എൻ.ആർ.കെ. പ്രോജക്ട് ഇനിഷ്യേറ്റീവ് ഫണ്ട്'.

(സി) വിദേശ മലയാളികളുടെ ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിന് രൂപീകരിച്ച കമ്പനിയാണ് റൂട്ട്സ്-എൻ.ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്. പ്രസ്തുത കമ്പനി മുഖേന വിവിധ ക്ഷേമ പുനരധിവാസ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. അവയിൽ പ്രധാനപ്പെട്ടവ :

1. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ 'സാന്ത്വന' എന്ന ക്ഷേമനിധി.

2. റീ ഇന്റഗ്രേഷൻ ട്രെയിനിംഗ്, കൺസൾട്ടൻസി, അഡ്വക്കസി ആന്റ് ഫെസിലിറ്റേഷൻ സെൽ മുതലായവ.

പ്രവാസി മലയാളികൾക്ക് വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ

150 (1461) ശ്രീ. പി. ജെ. ജോയി :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ തുകയെത്രയെന്നും ഏതെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2003-2004 സാമ്പത്തിക വർഷത്തിൽ പ്രവാസി മലയാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവ് എന്ന കമ്പനിക്ക് ഓഹരി മൂലധനമായി 52 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രവാസി മലയാളികളുടെ ക്ഷേമ പുനരധിവാസ പ്രവർത്തനങ്ങൾക്ക് വേണ്ടി സർക്കാർ പങ്കാളിത്തമായി ഒരു കോടി രൂപ വകയിരുത്തുന്ന കാര്യവും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

ഗൾഫിലെ സ്വദേശിവൽക്കരണംമൂലം തിരികെയത്തുന്നവർക്ക് ഇറാഖിൽ തൊഴിലവസരങ്ങൾ നേടിക്കൊടുക്കാൻ നടപടി

151 (1462) ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണത്തിന്റെ പേരിൽ എത്ര മലയാളികൾ തിരിച്ചെത്തിയിട്ടുണ്ട് ;

(ബി) ഇതിൽ അവിദഗ്ദ്ധ തൊഴിലാളികൾ എത്ര പേർ ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഇവർക്ക് യുദ്ധാനന്തര ഇറാഖിൽ ഉണ്ടാകുന്ന തൊഴിലവസരങ്ങൾ നേടിക്കൊടുക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണത്തിന്റെ പേരിൽ മലയാളികൾ തിരിച്ചെത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

ഗൾഫിലെ ഇൻഡ്യൻ എംബസികളിലെ മലയാളി ജീവനക്കാർ

152 (1463) ശ്രീ. എ. സുജനപാൽ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിലെ ഇൻഡ്യൻ എംബസികളിൽ എത്ര മലയാളി ഉദ്യോഗസ്ഥൻമാരുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly